## പങ്കാളികൾ

**I. തുല്യമായ വിലയേറിയ വിശ്വാസം ലഭിച്ചവരെന്ന നിലയിൽ, ക്രിസ്തുവിൽ വിശ്വസിക്കുന്നവരായ നാം ദിവ്യസ്വഭാവത്തിൽ പങ്കാളികളാകണം**

1 പത്രൊ. 1:1 ...നമ്മുടെ ദൈവവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ, നീതിയിൽ, നമുക്കുള്ളതുപോലെ തുല്യമായ വിലയേറിയ വിശ്വാസം, പകുത്തുനൽകിയിരിക്കുന്നവർക്ക്

2 പത്രൊ. 1:4 ...ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ

- ദിവ്യസ്വഭാവം ദൈവം താൻ ആയിരിക്കുന്നതിനെ, അതായത്, ദൈവത്തിന്റെ ആളത്തത്തിന്റെ സമ്പത്തിനെയും മൂലകങ്ങളെയും ഘടകാംശങ്ങളെയും സൂചിപ്പിക്കുന്നു
- ദിവ്യസ്വഭാവത്തിന്റെ പങ്കാളി ദിവ്യസ്വഭാവം ആസ്വദിക്കുന്നവനും ദിവ്യസ്വഭാവത്തിൽ പങ്കുചേരുന്നവനുമാണ്
- ദൈവത്തിന്റെ വിലയേറിയതും അതിമഹത്തരവുമായ വാഗ്ദാത്തങ്ങളിലൂടെ നാം ദിവ്യസ്വഭാവത്തിന്റെ സമ്പത്ത് ആസ്വദിക്കുന്നു
- ദിവ്യസ്വഭാവത്തിൽ പങ്കാളിയാകുന്നതിന് ഒരു വ്യവസ്ഥയുണ്ട്—ലോകത്തിൽ മോഹത്തിലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെടുക
    - നാം രക്ഷപ്പെടുകയും പങ്കാളികളാകുകയും പങ്കാളികളാകുകയും രക്ഷപ്പെടുകയും ചെയ്യുന്ന ചക്രത്തിൽ ജീവിക്കേണ്ടതുണ്ട്
- ദൈവം താൻ ആയിരിക്കുന്നതെല്ലാം ആസ്വദിച്ചുകൊണ്ട് നാം ദിവ്യസ്വഭാവത്തിൽ പങ്കുകൊള്ളുമ്പോൾ, 5 മുതൽ 7 വരെയുള്ള വാക്യങ്ങളിൽ വിവരിച്ചിരിക്കുന്നതുപോലെ, ദിവ്യസ്വഭാവത്തിന്റെ സമ്പത്ത് പൂർണ്ണമായി വികസിക്കും

2 പത്രൊ. 1:5,6,7 വിശ്വാസം→ നന്മ→ പരിജ്ഞാനം→ ഇന്ദ്രിയജയം→ സഹിഷ്ണുത→ ദൈവികത→ സഹോദരസ്നേഹം→ സ്നേഹം

**പങ്കാളിയെന്ന നിലയിൽ ദിവ്യ സ്വഭാവം ആസ്വദിക്കുക**

## വികാസം, പ്രവേശനം

**II. നിത്യരാജ്യത്തിലേക്കുള്ള സമ്പന്നമായ പ്രവേശനം ലഭിക്കത്തക്കവണ്ണം, നമ്മിൽ വിതയ്ക്കപ്പെട്ട ദിവ്യവിത്തിൽ അടങ്ങിയിരിക്കുന്ന ദിവ്യജീവന്റെയും ദിവ്യസ്വഭാവത്തിന്റെയും വികാസം നാം അനുഭവിക്കേണ്ടതുണ്ട്**

2 പത്രൊ. 1:5,6,7 വിശ്വാസം→ നന്മ→ പരിജ്ഞാനം→ ഇന്ദ്രിയജയം→ സഹിഷ്ണുത→ ദൈവികത→ സഹോദരസ്നേഹം→ സ്നേഹം

2 പത്രൊ. 1:10 അതുകൊണ്ട് സഹോദരന്മാരേ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പുള്ളതാക്കുവാൻ അധികം ശുഷ്കാന്തിയുള്ളവരായിരിക്കുവിൻ, എന്തെന്നാൽ ഇവ ചെയ്യുന്നതു നിമിത്തം നിങ്ങൾ ഒരുവിധത്തിലും, ഒരിക്കലും ഇടറിപ്പോകുകയില്ല,

2 പത്രൊ. 1:11 ഇങ്ങനെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം നിങ്ങൾക്ക് സമ്പന്നവും ധാരാളവുമായി പകർന്നുനൽകപ്പെടും

- അത്ഭുതകരമായ തുല്യമായ വിലയേറിയ വിശ്വാസം നമുക്ക് പകുത്തുനൽകിയിരിക്കുന്നു, ഈ വിശ്വാസം സർവവും ഉൾക്കൊള്ളുന്ന ഒരു വിത്താണ്
- നമുക്ക് വിശ്വാസത്തിന്റെ വിത്തിൽനിന്ന്, നന്മയുടെയും പരിജ്ഞാനത്തിന്റെയും വേരുകൾ, ഇന്ദ്രിയജയത്തിന്റെ തായ്ത്തടി, സഹിഷ്ണുതയുടെയും ദൈവികതയുടെയും ശാഖകൾ എന്നിവയിലൂടെ, സഹോദര സ്നേഹത്തിന്റെയും സ്നേഹത്തിന്റെയും പുഷ്പവും ഫലവും വരെ നമുക്ക് പൂർണ വികാസവും പക്വതയും ഉണ്ടാകേണ്ടതുണ്ട്
- ദിവ്യജീവിന്റെ ആത്മിക നന്മകൾ വികസിപ്പിക്കുകയും അങ്ങനെ ദിവ്യജീവന്റെ വളർച്ചയിൽ പുരോഗമിക്കുകയും ചെയ്യുന്നത് നമ്മോടുള്ള ദൈവത്തിന്റെ വിളിയെയും തിരഞ്ഞെടുപ്പിനെയും ഉറപ്പിക്കുന്നു

**ദിവ്യ സ്വഭാവത്തിന്റെ വികാസം അനുഭവമാക്കുക**

- നിത്യരാജ്യത്തിലേക്കുള്ള സമ്പന്നമായ പ്രവേശനത്തിന് ദിവ്യജീവന്റെയും ദിവ്യസ്വഭാവത്തിന്റെയും വളർച്ചയെയും വികാസത്തെയും പിൻപറ്റുവാൻ നാം ശുഷ്കാന്തിയുള്ളവരായിരിക്കണം
    - പ്രത്യക്ഷത്തിൽ, നാമാണ് നിത്യരാജ്യത്തിലേക്ക് പ്രവേശിക്കുന്നുത്.
    - യഥാർഥത്തിൽ, നമ്മുടെ ജീവന്റെ വളർച്ചയിലൂടെയും നമ്മുടെ ഉള്ളിലെ ദിവ്യജീവന്റെ വികാസത്തിലൂടെയും നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം നമുക്ക് ധാരാളമായി പകർന്നുനൽകപ്പെടുന്നു




ലില്ലിപുഷ്പം—വിശ്വാസം
മാതളനാരകം—ജീവന്റെ നിറവും, ജീവന്റെ സമൃദ്ധിയും സൗന്ദര്യവും, ജീവന്റെ സമ്പന്നതയുടെ ആവിഷ്കാരവും *(cf. 2023-DST—ദൂത് ഒമ്പത്—മാതളനാരകങ്ങളുടെ ദേശം)*

**നിത്യരാജ്യത്തിലേക്ക് പ്രവേശിക്കുന്നതിന് ശുഷ്കാന്തിയുള്ളവരായിരിക്കുക**